## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4581** — **18/05/2017-ൽ മറുപടിക്ക്**

### താമരശ്ശേരി ചുരത്തിലെ ഇലക്ട്രിഫിക്കേഷൻ

| | ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വയനാട് താമരശ്ശേരി ചുരത്തിൽ ഇലക്ട്രിഫിക്കേഷൻ പൂർത്തിയാകാത്തതിനാൽ അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തകർക്കും പോലീസിനുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>(ബി)<br>&<br>(സി) | താമരശ്ശേരി ചുരത്തിലെ ഒന്നാം വളവിൽ കണലാട് വരെ ചുരത്തിലൂടെ വൈദ്യുതി ലൈൻ ഉണ്ട്. ടി ഭാഗം വരെ മാത്രമേ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളൂ. രണ്ടാം വളവിനും മൂന്നാം വളവിനും മധ്യേയുള്ള ഭാഗത്ത് മറ്റൊരു വഴിയിലൂടെ വൈദ്യുതി ലൈൻ വലിച്ച് അവിടെയുള്ള വീടുകളിൽ വൈദ്യുതി എത്തിച്ചിട്ടുണ്ട്. ചുരം പൂർണ്ണമായും വൈദ്യുതീകരിക്കുന്നതിനോ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനോ ഉള്ള അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | ഏത് വളവുവരെയാണ് നിലവിൽ ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടുള്ളത്; | | |
| (സി) | ചുരം പൂർണ്ണമായും വൈദ്യുതീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ